(സി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളുടെ തീരപ്രദേശങ്ങളിൽ കണ്ടൽക്കാടുകൾ ഉണ്ട്. ഇത് ഏകദേശം 1671 ഹെക്ടർ സ്ഥലത്തായി വ്യാപിച്ചുകിടക്കുന്നതാണ്.

(ഡി) ഇവയുടെ സംരക്ഷണത്തിനായി ഒരു പദ്ധതി കേന്ദ്രസർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2001-2002-നുശേഷം ഇവയുടെ സംരക്ഷണത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽപ്പെട്ട കണ്ടൽവനങ്ങൾ സമൃദ്ധമായ 276.492 ഹെക്ടർ സ്ഥലം 1961-ലെ കേരള വനനിയമപ്രകാരം റിസർവ്വ് വനമാക്കി സംരക്ഷിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടുതൽ പ്രദേശങ്ങൾക്ക് ഇത്തരത്തിൽ നിയമപരിരക്ഷ ഉറപ്പാക്കി സംരക്ഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ, സമൃദ്ധമായി കണ്ടൽവനമുള്ള സ്വകാര്യഭൂമി പരിഹാരതുക നൽകി ഏറ്റെടുത്തു സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതിയും ആലോചിക്കുന്നുണ്ട്.

കോഴിക്കോട് സ്ഥിതിചെയ്യുന്ന ആധുനിക രീതിയിലുള്ള ഗവൺമെന്റ് പ്രസ്സിന്റെ ഉദ്ഘാടനം

110 [1940] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സ്ഥിതിചെയ്യുന്ന ആധുനിക രീതിയിലുള്ള ഗവൺമെന്റ് പ്രസ്സിന്റെ ഉദ്ഘാടനം നടന്നത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്സ് വേണ്ടവിധത്തിൽ പ്രവർത്തിക്കണമെങ്കിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം കാറ്റഗറി തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്സിൽ ഇപ്പോൾ നിലവിലുള്ള ജീവനക്കാരുടെ എണ്ണം കാറ്റഗറി തിരിച്ച് അറിയിക്കാമോ;

(ഡി) ബാക്കിവരുന്ന ജീവനക്കാരെ എപ്പോൾ നിയമിക്കുമെന്നും ഇതിനുള്ള തടസ്സം എന്താണെന്നും വിശദമാക്കാമോ;

(ഇ) ഇപ്പോൾ പ്രസ്സിന്റെ പ്രവർത്തനം കുറ്റമറ്റ രീതിയിലാണോ നടക്കുന്നത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 9-1-2001-ൽ.

(ബി) കോഴിക്കോട് പ്രസ്സ് ഉൾപ്പെടെയുള്ള വിവിധ പ്രസ്സുകളിൽ ആധുനിക മെഷീനുകൾ സ്ഥാപിച്ചതിനുശേഷം പ്രസ്സുകളുടെ പ്രവർത്തനത്തിന് ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം പരിശോധിച്ചിട്ടില്ല. ഇക്കാര്യത്തിനു വേണ്ടി ഒരു കമ്മിറ്റിയെ നിയമിക്കുന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പ്രസ്സിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പരാതികളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക

111 [1941] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 വർഷത്തെ ബഡ്ജറ്റിൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണത്തിന് എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(ബി) ഇതിൽ വിവിധ ഇനത്തിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(സി) 2004-2005-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ച തുക പൂർണ്ണമായും വിനിയോഗിക്കാതിരിക്കാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(ഡി) 2005-2006 ബഡ്ജറ്റിൽ എന്തു തുകയാണ് ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണത്തിന് വകയിരുത്തിയിട്ടുള്ളത്; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2004-2005 വർഷത്തെ ബഡ്ജറ്റിൽ 3.25 കോടി രൂപ തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിന്റെ നവീകരണത്തിനായി വകകൊള്ളിച്ചിരുന്നു. എന്നാൽ ധനവകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത തുക തിരുവനന്തപുരത്തും ഷൊർണ്ണൂരുമുള്ള സർക്കാർ പ്രസ്സുകൾ നവീകരിക്കുന്നതിനുള്ളതാണെന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ ഈ തുക വിഭജിച്ച് 105 ലക്ഷം രൂപ ഷൊർണ്ണൂർ പ്രസ്സിന്റെയും 220 ലക്ഷം രൂപ തിരുവനന്തപുരം സെൻട്രൽ പ്രസ്സിന്റെ നവീകരണത്തിനായും ചെലവഴിക്കാൻ തീരുമാനിക്കുകയുണ്ടായി. 2004-2005 വർഷത്തെ പ്ലാൻ തുകയിൽ പിന്നീട് 15% കുറവുവരുത്തുകയുണ്ടായി.

† അനുബന്ധം XIV.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം- XIV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 110 (1940) സദയം കാണുക]

1.	ഡെപ്യൂട്ടി സൂപ്രണ്ട്	1
2.	സീനിയർ ഫോർമാൻ (പ്രിന്റിംഗ്)	1
3.	ജൂനിയർ ,, (ബയന്റിംഗ് & കമ്പോസിംഗ്)	2
4.	കംപ്യൂട്ടർ ഗ്രേഡ്-2	1
5.	റീഡർ ഗ്രേഡ്-1	1
6.	കോപ്പിഹോൾഡർ	1
7.	കംപോസിറ്റർ ഗ്രേഡ്-2	4
8.	ഗ്യാലിപ്രസ്സ്മാൻ	1
9.	ബയന്റർ ഗ്രേഡ്-2	4
10.	പ്രിന്റർ ഗ്രേഡ്-2	3
11.	ലാസ്കർ ഗ്രേഡ്-2	3
12.	എൽ. ഡി. ക്ലാർക്ക്	2
13.	,, ടൈപ്പിസ്റ്റ്	1
14.	പ്യൂൺ	1
15.	ഇലക്ട്രീഷ്യൻ ഗ്രേഡ്-2	1
16.	വാച്ച്മാൻ	2
17.	മെക്കാനിക്ക്	1
18.	ജൂനിയർ സൂപ്രണ്ട്	1
19.	പാർട്ട് ടൈം സ്കാവഞ്ചർ	1
20.	സ്വീപ്പർ ഗ്രേഡ്-2	1
	ആകെ	**33**

ഇതിനുപുറമേ വിവിധ തസ്തികകളിൽ 26 ജീവനക്കാർ അദർ ഡ്യൂട്ടിയിൽ ജോലി ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly